മാവേലി സ്റ്റോറുകളിലും റേഷൻ കടകളിലും നടക്കുന്ന അഴിമതി

815. ശ്രീമതി കെ. ആർ. ഗൗരി ;
ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ :
,, സി. കെ. ചക്രപാണി :
,, കെ. മൂസ്സക്കുട്ടി :
,, കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകളിലും കേരള സ്റ്റോറുകളിലും റേഷൻ കടകളിലും വ്യാപകമായി അഴിമതി നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ അഴിമതികൾക്കെല്ലാം ഉന്നത ഉദ്യോഗസ്ഥൻമാരും കൂട്ടു നിൽക്കുന്നതായുള്ള പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിൻമേൽ എന്ത് നടപടിയെടുത്തു ;

(സി) ഇത് സംബന്ധിച്ച് എത്ര കേസുകൾ നിലവിലുണ്ട് ?

ഉത്തരം

(എ) ഇല്ല. ചിലപ്പോൾ ചില പരാതികൾ ലഭിക്കാറുണ്ട്.

(ബി) ഇല്ല.

(സി) മാവേലി സ്റ്റോറുകളിലെ പരാതികൾ സംബന്ധിച്ച് അന്വേഷിച്ചതിന്റെ ഫലമായി 121 കേസുകളിൽ ശിക്ഷാപരമായ നടപടികളും 6 കേസുകളിൽ ഉദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്യുന്ന നടപടികളും സ്വീകരിക്കുകയുണ്ടായി. ഗുരുതരമായ ക്രമക്കേടുകൾ കണ്ടുപിടിച്ച് 4 കേസുകളിൽ പോലീസ് കേസെടുക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

റേഷൻ കടകളിൽക്കൂടി വിതരണം ചെയ്യുന്ന അരി

816. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടകളിൽക്കൂടി വിതരണം ചെയ്തുകൊണ്ടിരിക്കുന്ന അരി തികച്ചും ഉപയോഗശൂന്യമാണെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) ഉപയോഗശൂന്യമായ ഇത്തരം അരി വിതരണം ചെയ്യാതിരിക്കാൻ വേണ്ട നടപടികൾ എടുക്കുമോ ?

ഉത്തരം

(എ, ബി, സി.) തികച്ചും ഉപയോഗശൂന്യമായ അരി വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചിലയവസരങ്ങളിൽ ഫുഡ് കോർപ്പറേഷനിൽനിന്നും വിതരണം ചെയ്തിട്ടുള്ള അരിയുടെ ഗുണനിലവാരം തൃപ്തികരമല്ലെന്ന ആക്ഷേപമുണ്ടായിട്ടുണ്ട്. ഗുണനിലവാരം കുറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly